بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 18.05.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

18.05.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

### നോമ്പിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട്, തഖ്‌വ സംജാതമാക്കുകയും അതിൽ പുരോഗതി പ്രാപിക്കുകയുംചെയ്യുക എന്ന റമളാന്റെലക്ഷ്യംകരസ്ഥമാക്കുക എന്നത് നാം അഹ്മദികളുടെ വലിയ ഉത്തരവാദിത്വമാണ്

തശഹ്ഹുദും തഅവ്വുദും സൂറ: ഫാതിഹയും ഓതിയതിനു ശേഷം ഹുദൂർ തിരുമനസ്സ് സൂറ: ബഖറയിലെ 184-ാം വചനം പാരായണം ചെയ്തു.

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا كُتِبَ عَلَيۡكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيۡنَ مِنۡ قَبۡلِكُمۡ لَعَلَّكُمۡ تَتَّقُوۡنَۙ ﴿۱۸۴﴾

അതിന്റെ അർഥം ഇപ്രകാരമാണ്.

വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻവേണ്ടി. (2:184)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് ഒരു റമളാനിൽ ക്കൂടി കടന്നുപോകാനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നു. ഒട്ടനവധി മുസ്‌ലിംകൾ ഈ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നതോടൊപ്പം പള്ളികളിൽ നമസ്കാരത്തിനും തറാവീഹിനും വേണ്ടി വരുന്നു; ഇക്കാര്യത്തിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നു. നമ്മുടെ പള്ളികളും മറ്റു ദിനങ്ങളെയപേക്ഷിച്ച് ജനങ്ങളെക്കൊണ്ട് നിറയാറുണ്ട്. നിർബന്ധമാക്കപ്പെട്ട ഈ നോമ്പിന്റെ ലക്ഷ്യം എന്നത് തഖ്‌വാ അഥവാ ഹൃദയഭക്തിയാണ്. ഇസ്‌ലാം ഒരു ശാശ്വത മതമാണ്; ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്ന മതം. അതിലെ അധ്യാപനങ്ങൾ ശാശ്വതങ്ങളത്രേ. ലോകത്തിലെ സർവകോണുകളിലും വിശുദ്ധ ഖുർആൻ അതിന്റെ തനതായ അവസ്ഥയിൽ സുരക്ഷിതമാണ്. തഖ്‌വയിൽ ചരിക്കുന്നവർക്ക് അത് മാർഗദർശനമാണ്. തന്നെയുമല്ല, നമ്മുടെ സംസ്കരണത്തിനും വിശുദ്ധ ഖുർആന്റെ പ്രചാരണത്തിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിലേക്ക് ഉദ്ബോധനം നടത്താനും വഴി കാട്ടാനും വേണ്ടി അവസാന കാലഘട്ടത്തിൽ അല്ലാഹു ഹദ്‌റത്ത് മസീഹ് മൗഊദി(അ)നെ അയക്കുകയും നമുക്ക് അദ്ദേഹത്തിൽ വിശ്വസിക്കാനുള്ള സൗഭാഗ്യം തന്നരുളുകയും ചെയ്തു. അതുകൊണ്ട് നോമ്പിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട്, തഖ്‌വ സംജാതമാക്കുകയും അതിൽ പുരോഗതി പ്രാപിക്കുകയും ചെയ്യുക എന്ന റമളാനിന്റെ ലക്ഷ്യം കരസ്ഥമാക്കുക എന്നത് അഹ്മദികളായ നമ്മുടെ വലിയ ഉത്തരവാദിത്വമാണ്. റമളാനിൽ നമ്മൾ തഖ്‌വ സ്വായത്തമാക്കാൻ ശ്രമിക്കുകയും ശ്രമിക്കുന്നവരാകുകയും ചെയ്യുമ്പോഴാണ് സ്വന്തം ഇബാദത്തുകളിലേക്ക് ശ്രദ്ധയുണ്ടാവുക. തഖ്‌വയോടുകൂടി ജീവിക്കാൻ ശ്രമിച്ചു കൊണ്ട് നോമ്പെടുക്കുമ്പോഴാണ് തിന്മയിൽനിന്ന് അകന്നു നില്ക്കുന്നതിലേക്ക് ശ്രദ്ധയുണ്ടാവുക; ദൈവകല്പനകളെ അന്വേഷിച്ചറിഞ്ഞ് അവയനുസരിച്ച് പ്രവർത്തിക്കുന്നതിലേക്ക് ബോധമുണ്ടാവുക. തിന്മകളിൽ നിന്ന് അകലുന്നില്ലെങ്കിൽ നോമ്പിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നതല്ല. നോമ്പെടുത്തിട്ടും നമ്മിൽ അഹങ്കാരമുണ്ടെങ്കിൽ, സ്വന്തം ജോലികളിലും പ്രവർത്തനങ്ങളിലും അനൗചിത്യപരമായ അഭിമാന ബോധമുണ്ടെങ്കിൽ, സ്വാർഥതയുടെ ശീലമുണ്ടെങ്കിൽ, ജനങ്ങൾ സ്തുതിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ, തങ്ങളുടെ കീഴിലുള്ളവർ മുഖസ്തുതി പാടുന്നത് നാം ഇഷ്ടപ്പെടുന്നെങ്കിൽ, ആരെങ്കിലും സ്തുതിച്ചാൽ അതിൽ സന്തോഷിക്കുകയോ അതാഗ്രഹിക്കുകയോ ചെയ്യുന്നെങ്കിൽ അത് തഖ്‌വയല്ല. നോമ്പിൽ വഴക്കും വക്കാണവും കളവും കുഴപ്പവും തുടങ്ങിയ കാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നില്ലെങ്കിൽ അതു തഖ്‌വയല്ല. നോമ്പിൽ ഇബാദത്തുകളിലും ദുആകളിലും സൽകർമങ്ങളിലും നമ്മൾ സമയം ചെലവഴിക്കുന്നില്ലെങ്കിൽ അതു തഖ്‌വയല്ല; അപ്പോൾ നോമ്പിന്റെ ലക്ഷ്യം നമ്മൾ പൂർത്തിയാക്കുകയല്ല ചെയ്യുന്നത്. തിന്മയെ ഉപേക്ഷിക്കുകയും നന്മയെ അവലംബിക്കുകയും ചെയ്യുന്നതിലൂടെ മാത്രമാണ് റമളാനിൽ നോമ്പിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നത്. മനുഷ്യൻ അതിൽ സ്ഥിരചിത്തനായിത്തീരാൻ ശ്രമിക്കുമ്പോൾ വാസ്തവത്തിൽ അവന് നോമ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാവുന്നതാണ്. അല്ലെങ്കിൽപിന്നെ, അതു പട്ടിണി കിടക്കലാണ്. നബിതിരുമേനി(സ) പറഞ്ഞു: നിങ്ങൾ ഈ ലക്ഷ്യങ്ങളെ പ്രാപിക്കുന്നില്ലെങ്കിൽ നിങ്ങളുടെ വിശപ്പ് അല്ലാഹുവിന് ഒരു ചേതവും വരുത്തുകയില്ല. നോമ്പിന്റെ പേരിൽ ചിലർ വഞ്ചന നടത്താറുണ്ട്. അവർ അന്നപാനം ഉപേക്ഷിക്കുകയില്ല. നോമ്പുണ്ടെന്ന് ഭാവിക്കുമെങ്കിലും നോമ്പനുഷ്ഠിക്കുകയില്ല. തങ്ങളുടെ ഭക്ഷണപാനീയങ്ങളുടെമേൽ നിയന്ത്രണമില്ലാത്ത കൂട്ടരാണവർ. അല്ലാഹുവിനുവേണ്ടി ഏതാനും മണിക്കൂർ ആഹാരപാനീയങ്ങളിൽനിന്ന് വിട്ടു നില്ക്കാൻ അവർക്കാകുന്നില്ല. ചിലയാളുകൾക്ക് ദിവസം മുഴുവൻ പട്ടിണി കിടന്നാലും നമസ്കാരത്തിലേക്കും ആരാധനാകർമങ്ങളിലേക്കും വേണ്ടത്ര ശ്രദ്ധ ഉണ്ടാകാറില്ല. ഒന്നോരണ്ടോ നമസ്കാരം നിർവഹിച്ചതിനുശേഷം മതിയാക്കുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകളിലേക്ക് ഒട്ടും ശ്രദ്ധയില്ല. അത്തരം

നോമ്പുകൾ തഖ്‌വ അവലംബിക്കുക എന്ന അല്ലാഹു പറഞ്ഞ ലക്ഷ്യത്തെ പൂർത്തിയാക്കുന്നില്ല. അതുകൊണ്ട് അഹ്‌മദികളായ നമ്മുടെ ഉത്തരവാദിത്വം വളരെ വലുതാണ്. വാഗ്ദത്ത മസീഹി(അ)നെ വിശ്വസിച്ചു കഴിഞ്ഞാൽ തങ്ങളുടെ നോമ്പുകളോടുള്ള കടമ അല്ലാഹു കല്പിച്ചതുപോലെ നിറവേറ്റാൻ ശ്രമിക്കുക. എന്താണ് തഖ്‌വ? ഇതെങ്ങനെയാണ് നാം അവലംബിക്കേണ്ടത്? തുടങ്ങിയ കാര്യം മനസ്സിലാക്കാൻ ശ്രമിക്കുക. ആരാണ് മുത്തഖിയെന്നും എന്താണ് തഖ്‌വായെന്നും വാഗ്ദത്ത മസീഹ്(അ) വിവിധ സന്ദർഭങ്ങളിൽ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. യഥാർഥ സംതൃപ്തിയും സന്തോഷവും വാസ്തവത്തിൽ തഖ്‌വ മുഖേന മാത്രമാണ് സംജാതമാകുന്നത്. ലൗകികസുഖങ്ങളിൽ ആ തൃപ്തിയില്ല. മനുഷ്യൻ യഥാർഥ മുഅ്മിൻ ആയിത്തീരുന്നതിന് അവന്റെ ഓരോ കർമവും അല്ലാഹുവിന്റെ ഇഷ്ടവും പ്രീതിയും നേടാൻ വേണ്ടിയായിരിക്കണം. ഈ സംഗതിയാണ് ഒരു വിശ്വാസിയെ അവിശ്വാസിയിൽ നിന്ന് വ്യതിരിക്തമാക്കുന്നത്. ദിവ്യജ്ഞാനത്തിൽ മനുഷ്യൻ പുരോഗതി പ്രാപിക്കണമെന്നും അവിടന്ന് നമ്മോട് പറഞ്ഞു. വരാനുള്ള ഓരോ ദിനവും ദിവ്യജ്ഞാനത്തിൽ നമ്മെ മുന്നോട്ട് നയിക്കുന്നതായിരിക്കണം. ഇപ്പോൾ ഞാൻ തഖ്‌വയെ സംബന്ധിച്ച് വാഗ്ദത്ത മസീഹിന്റെ ചില ഉദ്ധരണികൾ വായിക്കുന്നതാണ്. അവിടന്ന് പറയുന്നു: 'നിങ്ങൾ മുത്തഖിയായിത്തീരുകയും തഖ്‌വയുടെ സൂക്ഷ്മമാർഗങ്ങളിലൂടെ ചരിക്കുകയും ചെയ്യുകയാണെങ്കിൽ ദൈവം നിങ്ങളോടൊപ്പമായിരിക്കുമെന്ന് പലപ്രാവശ്യം ദൈവത്തിൽ നിന്ന് എനിക്ക് വെളിപാടുണ്ടായി.'

അദ്ദേഹം പറയുന്നു: 'എന്റെ ജമാഅത്ത് യഥാർഥ തഖ്‌വയും പരിശുദ്ധിയും അവലംബിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന ചിന്ത എന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്നു.' അദ്ദേഹം പറയുന്നു: 'ഞാൻ എത്രകണ്ട് ദുആ ചെയ്യുന്നുവെന്നാൽ, ദുആ ചെയ്ത് ചെയ്ത് ശക്തിയില്ലാത്ത അവസ്ഥയുണ്ടാകുന്നു. ചിലപ്പോൾ ഞാൻ ബോധരഹിതനായി മരണവക്കിൽ പോലും എത്തിചേരാറുണ്ട്.' അദ്ദേഹം പറയുന്നു: 'ഏതുവരെ ഒരു ജമാഅത്ത് ദൈവദൃഷ്ടിയിൽ മുത്തഖിയായിത്തീരുന്നില്ലയോ അതുവരെ ദൈവികസഹായം അതിനോടൊപ്പം ഉണ്ടാകുന്നതല്ല.' അദ്ദേഹം പറയുന്നു: 'എല്ലാ ദൈവികഗ്രന്ഥങ്ങളുടെയും തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അധ്യാപനങ്ങളുടെ രത്നച്ചുരുക്കമത്രേ, തഖ്‌വ. വിശുദ്ധ ഖുർആൻ ഉദാത്തമായ ദൈവേച്ഛയെയും ദൈവ പ്രീതിയെയും ഒരൊറ്റ വാക്കിൽ തന്നെ പ്രകടമാക്കി; അതായത് തഖ്‌വ എന്ന വാക്കിൽ.' അദ്ദേഹം പറയുന്നു: 'എന്റെ ജമാഅത്തിലെ യഥാർഥ മുത്തഖീങ്ങളെയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരെയും അല്ലാഹുവിലേക്ക് സ്വയം അർപ്പിക്കുന്നവരെയും മാറ്റി നിറുത്തിക്കൊണ്ട് അവരെ ചില മതപരമായ ചുമതലകൾ ഏല്പിച്ചാൽപ്പിന്നെ ലൗകിക സുഖദു:ഖങ്ങളിൽ അകപ്പെടുകയും രാപകൽ ശവതുല്യമായ ഭൗതികതയെ തേടിക്കൊണ്ട് ജീവൻ നഷ്ടപ്പെടുത്തുകയും ചെയ്യുന്നവരെ ഗൗനിക്കേണ്ടതില്ലല്ലോ എന്ന ചിന്തയാണെനിക്ക്.'

ഇതാണ് ആ പുണ്യാത്മാവിന്റെ വേദന. തന്റെ ജമാഅത്തിലെ ഓരോ വ്യക്തിയും തഖ്‌വയിൽ ചരിക്കുന്നവരാകണം എന്നതാണത്. അല്ലാതെ, ലൗകികതയോടുള്ള ദു:ഖം മാത്രം അവനെ സദാ അലട്ടിക്കൊണ്ടിരിക്കണമെന്നല്ല. തുടർന്ന്, തഖ്‌വയിൽ ചരിക്കുന്നതുതന്നെയാണ് ശരീഅത്തിന്റെ ചുരുക്കമെന്നും ദുആ സ്വീകരിക്കപ്പെടണമെന്നുണ്ടെങ്കിൽ തഖ്‌വയനുസരിച്ച് ജീവിക്കണമെന്നും അഹ്‌മദികളെ ഉദ്ബോധിപ്പിച്ചു കൊണ്ട് അവിടന്ന് പറയുന്നു: 'അവർ തഖ്‌വയുടെ മാർഗം അവലംബിക്കട്ടെ. എന്തെന്നാൽ, തഖ്‌വയെ മാത്രമേ ശരീഅത്തിന്റെ സംഗ്രഹം എന്ന് വിശേഷിപ്പിക്കാൻ കഴിയൂ. ഇനി ശരീഅത്തിനെ ചുരുക്കി പ്രതിപാദിക്കണമെങ്കിലും അതിന്റെ കാമ്പ് എന്നത് തഖ്‌വ തന്നെയാണ്. തഖ്‌വയുടെ പദവികളും ശ്രേണികളും അനവധിയാണ്. എങ്കിലും, സത്യസന്ധമായി അന്വേഷിച്ചുകൊണ്ട് പ്രാരംഭഘട്ടങ്ങളെ സ്ഥൈര്യത്തോടും ആത്മാർഥതയോടും തരണം ചെയ്യുകയാണെങ്കിൽ സന്മാർഗചിന്തയും സത്യസന്ധമായ അന്വേഷണവും കാരണത്താൽ ഉന്നത പദവികൾ കരസ്ഥമാക്കുന്നതാണ്.

അദ്ദേഹം പറയുന്നു: 'അല്ലാഹു പറയുന്നു, *ഇന്നമാ യതഖബ്ബലല്ലാഹു മിനൽ മുത്തഖീൻ.* അതായത്, അല്ലാഹു മുത്തഖീങ്ങളുടെ ദു:ആകൾ സ്വീകരിക്കുന്നു. ഇതവന്റെ വാഗ്ദാനമാണ്. അവന്റെ വാഗ്ദാനങ്ങൾ ഒരിക്കലും ലംഘിക്കപ്പെടുകയില്ല. *ഇന്നല്ലാഹ ലാ യുഖ്‌ലിഫുൽ മീആദ്* എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ദുആ സ്വീകരിക്കപ്പെടുന്നതിന് തഖ്‌വ മാറ്റിനിറുത്താൻ പറ്റാത്തവിധം അലംഘനീയമായ നിബന്ധനയായിരിക്കെ, അജ്ഞനും അവിശുദ്ധനുമായിക്കൊണ്ട് തന്റെ ദുആകൾ സ്വീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന മനുഷ്യൻ അജ്ഞനും അവിവേകിയുമല്ലാതെ മറ്റാരാണ്?'

ആകയാൽ സാധ്യമാകുന്നിടത്തോളം തഖ്‌വയുടെ മാർഗത്തിൽ പദമൂന്നേണ്ടത് ജമാഅത്തിലെ ഓരോരുത്തർക്കും നിർബന്ധമാണ്. എങ്കിൽ മാത്രമേ ദുആ സ്വീകാര്യതയുടെ ആനന്ദവും അനുഭൂതിയും കരഗതമാവുകയും വിശ്വാസവർധനവിൽ പങ്കാളികളാവുകയും ചെയ്യുകയുള്ളു.

ഹുദൂർ പറയുന്നു: അതുകൊണ്ട് നമ്മുടെ നോമ്പുകളും നമ്മുടെ കർമങ്ങളുമെല്ലാം തഖ്‌വ സ്വായത്തമാക്കാൻ വേണ്ടിയുള്ളതാകട്ടെ. ഇതാണ് റമളാനെ പ്രയോജനപ്പെടുത്താനുള്ള മൗലിക തത്ത്വം. ഞങ്ങൾ ഒരുപാട് ദു:ആ ചെയ്തു; ദുആ സ്വീകരിക്കപ്പെടുന്നില്ല എന്ന് ധാരാളമാളുകൾ പറയാറുണ്ട്. അത്തരം ആളുകൾ ആദ്യം തങ്ങളുടെ ഉള്ളിൽ ദീൻ പ്രബലമാണോ; തഖ്‌വയിൽ ചരിക്കുന്നവരാണോ; അല്ലെങ്കിൽ ലൗകികതയുടെ കലർപ്പ് അധികമായിട്ടുണ്ടോ എന്ന് നോക്കേണ്ടതാണ്. ദുആ സ്വീകാര്യതയ്ക്ക് തഖ്‌വ നിബന്ധനയാണ്.

അദ്ദേഹം പറയുന്നു: മുത്തഖീങ്ങൾക്കായി വാസ്തവത്തിൽ വലിയ വലിയ വാഗ്ദാനങ്ങളാണുള്ളത്. അല്ലാഹു മുത്തഖീങ്ങളുടെ വലിയ്യ് ആയിത്തീരുന്നതിൽപരം മറ്റെന്തുവേണം?

അല്ലാഹു പറയുന്നു: *വമൻ യത്തഖില്ലാഹ യജ്അല്ലഹു മഖ്റജാ. വ യർസുഖുഹു മിൻ ഹയ്ഥു ലാ യഹ്തസിബു.* അല്ലാഹു മുത്തഖിക്ക് എല്ലാ പ്രയാസങ്ങളിൽനിന്നും ഒരു

രക്ഷാമാർഗം ഉണ്ടാക്കി നല്കുന്നു. അവന് അദൃശ്യമായ നിലയിൽ രക്ഷനേടാനുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കുന്നു. അവൻ പോലും അറിയാതെ അല്ലാഹു അവന് നല്കുന്നു.'

ഹുദൂർ പറയുന്നു: ഈ ദുആയും നമ്മൾ വളരെയധികം ചൊല്ലുകയും പഠിക്കുകയും ചെയ്യേണ്ടതാണ്. ഇതെപ്പോഴും ഓർത്തിരിക്കുകയാണെങ്കിൽ തഖ്‌വയിൽ പദമൂന്നുന്നതിലേക്ക് ശ്രദ്ധയുണ്ടാകുന്നതാണ്.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'തനിക്ക് ലോകത്ത് സുഖവും സന്തോഷവും ലഭിക്കണമെന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹം. ഇതിനു വേണ്ടി അല്ലാഹു ഒരു മാർഗം നിശ്ചയിച്ചിട്ടുണ്ട്. തഖ്‌വയുടെ മാർഗം എന്നാണ് അതിനെ വിളിക്കുന്നത്. മറ്റുവാക്കുകളിൽ വിശുദ്ധ ഖുർആനിന്റെ മാർഗം അല്ലെങ്കിൽ നേരായ മാർഗം എന്ന് പറയുന്നു. അവിശ്വാസികളുടെ പക്കലും സമ്പത്തും ആസ്തികളുമൊക്കെയുണ്ടല്ലോ എന്നു പറയേണ്ടതില്ല. അവർ തങ്ങളുടെ സുഖലോലുപതയിൽ ആമഗ്നരായിരിക്കുകയാണ്.'

അദ്ദേഹം പറയുന്നു: 'ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, തരംതാണ ലൗകികന്റെയും ഭൗതികന്റെയും ദൃഷ്ടികളാണ് അതിനെ സന്തോഷമുള്ളതായി കാണുന്നത്. വാസ്തവത്തിൽ ഒരുതരം എരിച്ചിലിലും ദു:ഖത്തിലുമാണവർ. നിങ്ങളവരെ ബാഹ്യരൂപത്തിലാണ് കണ്ടത്. ഞാൻ അത്തരം ആളുകളുടെ ഖൽബ് ആണ് കാണുന്നത്. അവർ എരിതീയിലും ചങ്ങലകളിലുമാണ് അകപ്പെട്ടിരിക്കുന്നത്.' അല്ലാഹു പറയുന്നു: *ഇന്നാ അഅ്ത്തദിനാ ലിൽ കാഫിരീന സലാസിലു അഗ്‌ലാലൻ വ സഈറാ.* തീർച്ചയായും നാം അവിശ്വാസികൾക്കായി ചങ്ങലകളും അഗ്നിയും തയ്യാറാക്കിയിരിക്കുന്നു. ഭൗതിക മോഹങ്ങൾക്ക് അടിപ്പെട്ടു കഴിയുന്ന ഒരു ലൗകികന് മണിമാളികയിൽ ലഭിക്കാത്ത യഥാർഥ അനുഭൂതി ഒരു ചെറ്റക്കുടിലിൽ കഴിയുന്ന മുത്തഖിക്ക് നേടാവുന്നതാണ്.'

ഹുദൂർ പറയുന്നു: 'ആത്മസംതൃപ്തിയും തഖ്‌വയും ഉണ്ടായിരിക്കേണ്ടതാണ്. ദൈവപ്രീതി ലഭിക്കുക എന്നതായിരിക്കണം ലക്ഷ്യം. അങ്ങനെയായാൽ ഇടുങ്ങിയ അവസ്ഥയിലും മുന്നോട്ടു പോകുകയും സംതൃപ്തിയും സന്തോഷവും സംജാതമാകുകയും ചെയ്യുന്നതാണ്. അതേസമയം, വലിയ ധനാഢ്യർക്കു പോലും ഈ സന്തോഷം ലഭിക്കാറില്ല.'

അദ്ദേഹം പറയുന്നു: 'ലൗകികസുഖങ്ങളുടെ ആധിക്യത്തോടൊപ്പം പ്രശ്നങ്ങളും അധികമായി മുന്നിൽ വരുന്നു. അതുകൊണ്ട് യഥാർഥ സന്തോഷവും സതൃപ്തിയും ലൗകികനല്ല ലഭിച്ചത് എന്ന് ഓർക്കുക. സമ്പത്തിന്റെ ആധിക്യവും നല്ല വസ്ത്രങ്ങളും ഭക്ഷണവും വല്ല സന്തോഷത്തിനും കാരണമാകുമെന്ന് ഒരിക്കലും വിചാരിക്കരുത്. ആ സന്തോഷത്തിനു നിദാനം തഖ്‌വ തന്നെയാണ്. ഈ സംഗതികളിൽ നിന്നെല്ലാം തഖ്‌വകൂടാതെ യഥാർഥ വല്ല സന്തോഷവും സംതൃപ്തിയും ലഭ്യമാവുകയില്ലെന്നു ബോധ്യമായിരിക്കെ എട്ടുകാലിയുടെ നൂലുപോലുള്ള അനേകം ഭാഗങ്ങൾ തഖ്‌വയുടേതായിട്ടുണ്ട് എന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. മനുഷ്യന്റെ മുഴുവൻ അവയവങ്ങളെയും വിശ്വാസങ്ങളെയും സ്വഭാവങ്ങളെയും സംബന്ധിക്കുന്നതാണ് തഖ്‌വ. ഇതിനെ വിശദീകരിച്ചു കൊണ്ട് ഹുദൂർ പറഞ്ഞു: 'വിശ്വാസത്തിലും നാവിലും സ്വഭാവത്തിലും തഖ്‌വ ഉണ്ടായിരിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: നാവുകൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കുന്നതിൽ നിന്ന് തടയാനുള്ള കല്പന മാത്രമല്ല, മറിച്ച്, തൻപ്രമാണിത്തം, സ്വാർഥത, പ്രദർശനപരത തുടങ്ങിയവയും നന്മയിൽ നിന്നും തഖ്‌വയിൽ നിന്നും അകറ്റുന്നവയാക്കുന്നു.

ഹദ്റത്ത് അഹ്മദ്(അ)പറഞ്ഞു: 'നോക്കുക, **ഇയ്യാക്ക നഅ്ബുദു** എന്ന അധ്യാപനമാണല്ലോ അല്ലാഹു നല്കിയത്. അപ്പോൾ മനുഷ്യൻ തന്റെ സ്വന്തം കഴിവിൽ വിശ്വാസമർപ്പിച്ച് ദൈവത്തിൽനിന്ന് അകന്നു പോയേനെ. അതുകൊണ്ടാണ് **ഇയ്യാക്ക നസ്തഈൻ** എന്ന അധ്യാപനം കൂടെത്തന്നെ നല്കിയിരിക്കുന്നത്. താൻ ചെയ്യുന്ന ഇബാദത്ത് സ്വന്തം കഴിവു കൊണ്ടാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നതുവരെ, ആ പരിശുദ്ധനായവൻ സൗഭാഗ്യവും കഴിവും നല്കാത്തിടത്തോളം ഒന്നും ഉണ്ടാവുകയില്ല.'

അദ്ദേഹം പറയുന്നു: 'നാവു മുഖേന മനുഷ്യൻ ദൈവത്തിൽ നിന്ന് ദൂരപ്പെട്ടുപോകുന്നു. ഹദീഥിൽ വന്നിരിക്കുന്നു, ഏതൊരാൾ തന്റെ തുടയെല്ലുകൾക്ക് ഇടയിലുള്ളതിനെയും തന്റെ താടിയെല്ലുകൾക്കിടയിലുള്ളതിനെയും സുരക്ഷിതമാക്കി വെയ്ക്കുന്നുവോ അയാൾക്ക് സ്വർഗം ലഭിക്കുമെന്ന് ഞാൻ ഉറപ്പു നല്കുന്നു.'

അദ്ദേഹം പറയുന്നു: 'നിങ്ങൾ നാവിനെ അധീനപ്പെടുത്തുക; അല്ലാതെ അതിന് അടിപ്പെട്ടുകൊണ്ട് അതും ഇതും പറഞ്ഞു കൊണ്ടിരിക്കരുത്.'

വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്യുന്നു: 'മനുഷ്യൻ ദേഹേച്ഛയെ വിട്ടുകൊണ്ട് ദൈവേച്ഛയിൽ ചരിക്കുന്നതായാൽ അവന്റെ ഒരു കർമവും ചീത്തയാവില്ല. മറിച്ച്, അവന്റെ ഓരോ കർമവും ദൈവഹിതമനുസരിച്ചുള്ളതായിരിക്കും. മനുഷ്യൻ പ്രശ്നങ്ങളിലകപ്പെടുമ്പോൾ അവന്റെ കർമം ദൈവഹിതം അനുസരിച്ചായിരിക്കില്ലെന്ന് നമുക്ക് എപ്പോഴും കാണാൻ സാധിക്കുന്നതാണ്. അങ്ങനെയുള്ള വ്യക്തി സ്വന്തം വികാരങ്ങൾക്കു കീഴ്പ്പെട്ടു കൊണ്ടായിരിക്കും നടക്കുന്നത്. ഉദാഹരണമായി കോപത്തിന് വിധേയനായി അയാൾ ചെയ്തു കൂട്ടുന്ന പ്രവൃത്തി കാരണം ക്രിമനൽ കേസുകളിൽവരെ അയാളെ കൊണ്ടെത്തിക്കുന്നു. അതേസമയം, അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ നിർദേശമനുസരിച്ചല്ലാതെ ഒന്നും ചെയ്യുകയില്ലെന്ന് ഉറച്ച തീരുമാനം എടുക്കുന്ന വ്യക്തിക്ക് തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം നിർദേശം നല്കുന്നതാണ്.

നമ്മൾ വിനയത്തിലും ലാളിത്യത്തിലും ജീവിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: "തഖ്‌വ അവലംബിക്കുന്നവർ തങ്ങളുടെ ജീവിതത്തെ വിനയത്തിലും ലാളിത്യത്തിലും നയിക്കണമെന്നത് നിബന്ധനയാണ്. തഖ്‌വയുടെ ഒരു ശാഖയാണിത്. ഇതിലൂടെയാണ്

അനാവശ്യമായ കോപാവേശങ്ങളെ നേരിടേണ്ടത്. വലിയ വലിയ ജ്ഞാനികളുടെയും സിദ്ദീക്കുകളുടെയും ഒടുവില ത്തെ പ്രയാസമേറിയ ഘട്ടം എന്നു പറയുന്നത് കോപത്തിൽ നിന്ന് രക്ഷപ്പെടലാണ്. അഹങ്കാരവും തൻപ്രമാണിത്തവും കോപത്തിൽ നിന്നാണ് ഉണ്ടാകുന്നത്. എന്റെ ജമാഅത്തിലെ ആളുകൾ പരസ്പരം ചെറിയവരും വലിയവരുമായി ഗണിക്കു ന്നതും പരസ്പരം നിന്ദാദൃഷ്ടിയോടെ നോക്കുന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല. ആരാണ് വലിയവൻ, ആരാണ് ചെറിയവൻ എന്ന് അല്ലാഹുവിന്നറിയാം. ഇത് ഒരു വിധ ത്തിലുള്ള തരംതാഴ്ത്തലാണ്. നിങ്ങൾ ദേഷ്യപ്പെട്ടു കൊണ്ട് മറ്റുള്ളവരുടെ പരിഹാസപ്പേരുകൾ വിളിക്കരുത്; അതു ദുർ വൃത്തരുടെ പ്രവൃത്തിയാണ്. മറ്റുള്ളവരെ പരിഹസിക്കു ന്നവൻ പരിഹസിക്കപ്പെടാതെ മരിക്കുകയില്ല. തങ്ങളുടെ സഹോദരന്മാരെ നിന്ദ്യരായി ഗണിക്കരുത്. ഒരേ അരുവിയിൽ നിന്ന് എല്ലാവരും ജലപാനം ചെയ്യുന്ന സ്ഥിതിക്ക് കൂടുതൽ ജലം വിധിക്കപ്പെട്ടിരിക്കുന്നതാർക്ക് എന്ന് ആരറിഞ്ഞു? ഭൗതിക തത്ത്വങ്ങളിലൂടെ ആരും ബഹുമാന്യനാകുന്നില്ല. അല്ലാഹുവിന്റെ പക്കൽ വലിയവൻ മുത്തഖിയാണ്. *ഇന്ന അക്‌റമക്കും ഇൻദല്ലാഹി അത്കാക്കും.* തീർച്ചയായും അല്ലാ ഹുവിന്റെ പക്കൽ ഏറ്റവും ആദരണീയൻ മുത്തഖിയാണ്.'

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശ്വാസി ഏതു പ്രയാസത്തിലും ദൈവത്തിൽ ദുർഭാവന വെച്ചു പുലർത്തു ന്നതല്ല. ആ പ്രയാസങ്ങളെ തന്റെ വീഴ്ചകളുടെ ഫലമായി ഗണിച്ചുകൊണ്ട് അവൻ അല്ലാഹുവിനോട് കാരുണ്യവും അനുഗ്രഹവും തേടുന്നു. അവന്റെ ദുആകൾ സ്വീകരിക്കപ്പെട്ട് ആ കാലം കഴിഞ്ഞു പോകുന്നതോടെ അവൻ തന്റെ താഴ്ന്ന അവസ്ഥയെ വിസ്മരിക്കുന്നതല്ല. മറിച്ച്, അതിനെ ഓർമിച്ചു കൊണ്ടിരിക്കുന്നതാണ്.'

അദ്ദേഹം പറയുന്നു: അല്ലാഹു തഖ്‌വ അവലംബിക്കുന്ന വരെ സഹായിക്കുന്നു. നാം ഈ ജമാഅത്തിൽ ഉൾപ്പെട്ടു എന്ന കാര്യം മാത്രം നമ്മെ സന്തോഷിപ്പിക്കുന്നതാവരുത്. യഥാർഥ തഖ്‌വയോടൊപ്പം നന്മയും ഉണ്ടാകുമ്പോഴാണ് ദൈവത്തിന്റെ സഹായവും പിന്തുണയും ലഭിക്കുന്നത്. നിത്യേന നമ്മൾ ചെയ്യുന്ന കർമങ്ങളുടെ റെക്കോർഡ് അല്ലാ ഹുവും തയ്യാറാക്കുന്നുണ്ട്. തന്റെ അവസ്ഥകളുടെ ഒരു റെ ക്കോർഡ് മനുഷ്യനും തയ്യാറാക്കിക്കൊണ്ട് നന്മയിൽ എത്ര കണ്ട് മുന്നേറിയെന്ന് നോക്കേണ്ടതാണ്.

ഹുദൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു നമുക്ക് ഈ റമ ളാൻ മാസത്തിൽ തഖ്‌വയോടുകൂടി നോമ്പനുഷ്ഠിക്കാനും ഇബാദത്തുകൾ ചെയ്യാനും മറ്റു കടമകൾ നിർവഹിക്കാനു മുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഈ റമളാൻ ജമാ അത്തിനും മുസ്‌ലിംകൾക്കും എല്ലാവിധത്തിലും അനുഗ്രഹ പൂർണമായിത്തീരട്ടെ. ലോകത്തിനു വേണ്ടിയും പ്രത്യേകിച്ച് ദുആ ചെയ്യുക. പാക്കിസ്താനിലെ ജമാഅത്തിന്റെ അവസ്ഥ എന്നു പറയുന്നത് നിത്യവും അവിടെ കാഠിന്യം ഏറി വരികയാണ്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നോമ്പിന്റെ കടമകൾ നിറവേറ്റുന്നതോടൊപ്പം തഖ്‌വയിൽ ചരിക്കുന്ന തിന്റെ കടമയും നിറവേറ്റുന്നവരാകട്ടെ. ദു:ആകളിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. അല്ലാഹു മുസ്‌ലിംകളുടെമേലും കരുണ ചൊരിയുമാറാകട്ടെ. അവരുടെ നേതൃത്വത്തിനും ഉല മാക്കൾക്കും ബുദ്ധിയും ബോധവും നല്കുമാറകട്ടെ. അവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ. ലോകം ദ്രുതഗതിയിൽ യുദ്ധത്തിലേക്കു കുതിക്കുന്നതു കാണു മ്പോൾ അതു തടയപ്പെടുന്ന ലക്ഷണമൊന്നും കാണുന്നില്ല. അതുകൊണ്ട് അല്ലാഹു മുസ്‌ലിംകളെയും അഹ്‌മദികളെയും ഈ യുദ്ധത്തിന്റെ ദോഷഫലങ്ങളിൽ നിന്ന് സംരക്ഷിക്കു മാറാകട്ടെ. മനുഷ്യകുലത്തെ പൊതുവിലും ദോഷഫല ങ്ങളിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹുവിന്റെ പക്കൽ ഇനിയും ഇവരുടെ പരിഷ്കരണം സാധ്യമാണെങ്കിൽ, ഇവരുടെ പരിഷ്കരണത്തിനും ദൈവത്തെ തിരിച്ചറിയാനു മുള്ള മാർഗം സാധ്യമാണെങ്കിൽ, ഇവർ ദൈവത്തെ തിരി ച്ചറിയാനും നാശത്തിൽ നിന്ന് രക്ഷപ്പെടാനുമുള്ള സാഹ ചര്യം അല്ലാഹു ഉണ്ടാക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 18.05.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516